ന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് കുറ്റമറ്റ രീതിയിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാർട്ട് ടൈം കോഴ്സുകളിൽ ചേരുന്നതിന് ബോർഡ് ജീവനക്കാർക്ക് 15-3-2004-ന്റെ ബോർഡ് ഉത്തരവ് മുഖാന്തരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് ആകെ കിട്ടിയ അപേക്ഷകളിൽ നിന്നും സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിശ്ചിത എണ്ണം NOC മാത്രമേ നൽകാൻ കഴിയുകയുള്ളൂ.

(ഇ) ഉണ്ട്.

	സർവ്വീസ്
(1) രമേഷ്, എം. ആർ., മീറ്റർ റീഡർ, ഇലക്ട്രിക്കൽ സെക്ഷൻ, ത്രിപ്രയാർ.	9 മാസം
(2) ഷാജി. റ്റി. എൻ., മീറ്റർ റീഡർ, ഇലക്ട്രിക്കൽ സെക്ഷൻ, രാമവർമ്മപുരം.	9 മാസം

കാൻസർ രോഗികളുള്ളിടത്ത് വൈദ്യുതി കണക്ഷൻ ലഭിക്കാൻ നടപടി

52 [353] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുള്ളിടത്ത് വൈദ്യുതി കണക്ഷൻ ലഭിക്കാൻ എത്ര കാലമെടുക്കും എന്ന് വ്യക്തമാക്കുമോ;

(ബി) കാൻസർ രോഗം പിടിപെട്ട പ്രായമുള്ളവരുടെ വീട്ടിൽ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ അനുവദിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്ന പക്ഷം കാൻസർ രോഗി, രോഗിയുടെ ഭർത്താവ്/ഭാര്യ, അച്ഛൻ, അമ്മ, മകൾ, മകൻ, എന്നിവരുടെ ഉടമസ്ഥതയിലുള്ളതും രോഗി താമസിക്കുന്നതുമായ വീടിന് ഔട്ട് ഓഫ് ടേൺ പ്രയോറിട്ടിയിൽ കാലതാമസംകൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(ബി) അനുബന്ധമായി † ചേർത്തിട്ടുള്ള ഡോക്ടർമാർ/സ്ഥാപനങ്ങളിൽ നിന്നും ഉള്ള സർട്ടിഫിക്കറ്റ് സഹിതം വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ ഔട്ട് ഓഫ് ടേൺ പ്രയോറിട്ടിയിൽ കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

ബി. പി. എൽ.-ൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ

53 [354] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ബി. പി. എൽ-ൽ ഉൾപ്പെടുത്തി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IX

[8-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത 56 (357)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

വൈദ്യുതി മോഷണവും മറ്റ് അനധികൃത ഉപയോഗവും ഫലപ്രദമായി തടയുന്നതിന് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) മേൽനോട്ടത്തിലും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നിയന്ത്രണത്തിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി ഓരോ ആന്റി പവർ തെഫ്റ്റ് റീജിയണൽ യൂണിറ്റും (ആകെ മൂന്ന് അതിനു കീഴിൽ തിരുവനന്തപുരം റീജിയണൽ തിരുവനന്തപുരത്തും കോട്ടയത്തുമായി രണ്ടും, എറണാകുളം റീജിയണിൽ എറണാകുളം, വാഴത്തോപ്പ്, പാലക്കാട് എന്നിവിടങ്ങളിലായി മൂന്നും, കോഴിക്കോട് റീജിയണിൽ കോഴിക്കോട്, കൽപ്പറ്റ, കാസർഗോഡ് എന്നിവിടങ്ങളിലായി മൂന്നും (ആകെ എട്ട്), ആന്റി പവർ തെഫ്റ്റ് സ്കാഡുകളും പ്രവർത്തിക്കുന്നു.

വൈദ്യുതി മോഷണവും മറ്റ് ക്രമക്കേടുകളും തടയുന്നതിന്റെ ഭാഗമായി ആന്റി പവർ തെഫ്റ്റ് സ്കാഡ് രാത്രികാലങ്ങളിൽ ഉൾപ്പെടെ സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തുകയും മീറ്ററിലും അനുബന്ധ ഉപകരണങ്ങളിലും ഉള്ള ക്രമക്കേടുകളും കൃത്രിമങ്ങളും കണ്ടെത്താറുണ്ട്. മീറ്ററും അനുബന്ധ ഉപകരണങ്ങളും സീൽ ചെയ്ത് ഭദ്രമാക്കാറുണ്ട്. എല്ലാ ഹൈടെൻഷൻ ഉപഭോക്താക്കളുടേയും മീറ്ററുകൾ ഇലക്ട്രോണിക്സ് മീറ്ററുകൾ ആക്കാൻ നടപടിയെടുത്തു. ടി മീറ്ററുകൾ പുറമെനിന്ന് ഇടപെടാൻ സാധിക്കാത്ത വിധത്തിലുള്ള പെട്ടികളിൽ സ്ഥാപിച്ചിരിക്കുന്നു. ടി പെട്ടികൾ ലെഡ് സീലുകൾ ഉപയോഗിച്ച് സീൽ ചെയ്യുന്നുണ്ട്. മീറ്ററിന്റെ ടെർമിനൽ കവർ, ചെക്ക് മീറ്റർ ഘടിപ്പിച്ച് പരിശോധിക്കുവാനുള്ള ടെസ്റ്റ്ടെർമിനൽ ബ്ലോക്ക്, മീറ്റർ കവർ എന്നിവയും ലെഡ് സീൽ ഉപയോഗിച്ച് സീൽ ചെയ്യുന്നു. മീറ്ററിനോടൊപ്പം വൈദ്യുതി ഉപഭോഗം അളക്കുന്നതിനായി ഘടിപ്പിച്ചിരുക്കുന്ന സി. റ്റി/പി. റ്റി. യൂണിറ്റിന്റെ ടെർമിനൽ ബോക്സ്, ബോഡി കവർ എന്നിവയും സീൽ ചെയ്യുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തിയ ഇലക്ട്രോണിക്സ് മീറ്ററിലെ മെമ്മറിയിൽ രേഖപ്പെടുത്തിയ വൈദ്യുതി ഉപഭോഗത്തെപ്പറ്റിയുള്ള വിവരങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്താൽ വിശകലനം ചെയ്ത് വൈദ്യുതി മോഷണം കണ്ടെത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly